എറണാകുളം-തൃശ്ശൂർ ജില്ലകളിലെ സ്വർണ്ണക്കട കവർച്ച

47 [2477] *ശ്രീ. ഉമേഷ് ചള്ളിയിൽ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മുതൽ 2004 വരെയുള്ള കാലയളവിൽ എറണാകുളം, തൃശ്ശൂർ ജില്ലകളിലായി സമാന സ്വഭാവമുള്ള ഒമ്പതു സ്വർണ്ണക്കട കവർച്ചകൾ നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 30 കിലോഗ്രാമോളം സ്വർണ്ണം മൊത്തത്തിൽ നഷ്ടപ്പെട്ട ഈ കേസുകളൊന്നും ഇതുവരെ തെളിയിക്കപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രകാരം കവർച്ച നടന്ന സ്ഥാപനങ്ങളിലൊന്നായ എറണാകുളം കുറമശേരി റോസ് ജ്വല്ലറിയിലെ കവർച്ചയുമായി ബന്ധപ്പെട്ട് 2005 ഏപ്രിലിൽ പോലീസ് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പ്രതികൾക്ക് സമാനമായ കവർച്ചകളുമായുള്ള ബന്ധം പോലീസ് അന്വേഷിച്ചിട്ടുണ്ട്;

(ഇ) ഇക്കാര്യത്തിൽ അന്വേഷണ പുരോഗതിയില്ലെങ്കിൽ തൃശ്ശൂർ, എറണാകുളം ജില്ലകളിലെ സ്വർണ്ണക്കട കവർച്ച കേസുകൾ അന്വേഷിക്കുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം റൂറൽ ജില്ലയിൽ ചെങ്ങമനാട് പി. എസ്. ക്രൈം 122/04 കുറുമശ്ശേരി റോസ് ജ്വല്ലറിയിൽ നിന്നും 382 പവൻ കളവുപോയ കേസ് 13-1-2005 തീയതി ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുണ്ട്. ഈ കേസ് ക്രൈംബ്രാഞ്ചിൽ 8/സി.ആർ/ഇകെഎം/05 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ പി.എസ്. ക്രൈം 417/04 കേസിലെ 12 പ്രതികളിൽ 11 പേരെ അറസ്റ്റ് ചെയ്തു. കുറ്റപത്രത്തിന്റെ കരട് സമർപ്പിക്കുകയും നഷ്ടപ്പെട്ട മുതൽ കണ്ടെടുക്കുകയും ചെയ്തു. തൃശ്ശൂർ ഈസ്റ്റ് പി.എസ്. ക്രൈം 571/97 കേസിലെ പ്രതിയെ തിരിച്ചറിയാൻ കഴിയാത്തതിനാൽ കേസ് യു.ഡി. ആയി 23-6-1997-ന് കോടതിയിൽ റിപ്പോർട്ട് നൽകി. അന്വേഷണത്തിൽ ഈ കേസിലേക്ക് ഗുണകരമായ വിവരമൊന്നും ലഭിച്ചിട്ടില്ല.

(സി) 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(1) ജെ. പി. എന്നു വിളിക്കുന്ന ജയപ്രകാശ്

(2) വിനോദ് എന്നുവിളിക്കുന്ന പരമേശ്വരൻ

(3) ശശി

(4) സുബ്രഹ്മണ്യൻ

(5) ഹരി

GPM. 2/588/2012—12

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്വേഷിച്ചുവരുന്നു.

(ഇ) ലോക്കൽ പോലീസിന്റെ അന്വേഷണം ഫലവത്താകാത്ത സാഹചര്യത്തിൽ, ആവശ്യമെങ്കിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കാം.

പി. എസ്. സി. ഇന്റർവ്യൂവിന് ഉന്നത ബിരുദധാരികൾക്ക് അധിക മാർക്ക് നൽകുന്നതിന് നടപടി

48 [2478] *ശ്രീ. തോമസ് ചാഴികാടൻ:*
,, *റോഷി അഗസ്റ്റിൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഇന്റർവ്യൂവിന് ഉന്നത ബിരുദധാരികൾക്ക് അധികമാർക്ക് നൽകുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകൾക്കാണ് ഇത് ബാധകമാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) വെയിറ്റേജ് മാർക്ക് എത്ര ശതമാനം ആക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇത് എന്നത്തേക്ക് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) — (ഡി) പി.എസ്.സി.-യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. ഉദ്യോഗനിയമനത്തിൽ സ്വീകരിക്കുന്ന നടപടിക്രമം സുതാര്യമാക്കാൻ നടപടി

49 [2479] *ശ്രീ. കെ. എ. ചന്ദ്രൻ:*
,, *ടി. യു. രാധാകൃഷ്ണൻ:*
,, *കെ. മോഹൻകുമാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ഉദ്യോഗനിയമനത്തിൽ സ്വീകരിക്കുന്ന നടപടിക്രമം സുതാര്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു പറയുമോ;

(സി) ഉദ്യോഗനിയമനത്തിനുവേണ്ടി പി. എസ്. സി. നടത്തുന്ന എഴുത്തു പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് കിട്ടുന്ന മാർക്ക് പി. എസ്. സി. യുടേയും, ജില്ലാ റിക്രൂട്ട്മെന്റ് ബോർഡുകളുടെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും റാങ്കുകാരുടെ എഴുത്തുപരീക്ഷ സംബന്ധിച്ച പേപ്പർ ആരെയും കാണിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന നടപടിക്രമം സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം ഒരു നടപടിക്രമം സ്വീകരിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly